**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 350** **23-01-2025 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവുനായ ആക്രമണങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞവർഷം സംസ്ഥാനത്ത് തെരുവുനായ്ക്കളാൽ ആക്രമിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | 2024 വർഷത്തിൽ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നായ കടിയേറ്റ് ചികിത്സ തേടിയവരുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു. തെരുവു നായ കടിയേറ്റ് ചികിത്സ തേടിയവരുടെ കണക്ക് പ്രത്യേകം ശേഖരിക്കുന്നില്ല. |

| ക്രമ നം | ജില്ല | നായ കടിയേറ്റ് ചികിത്സ തേടിയവർ |
|---|---|---|
| 1 | തിരുവനന്തപുരം | 50870 |
| 2 | കൊല്ലം | 37618 |
| 3 | പത്തനംതിട്ട | 15460 |
| 4 | ആലപ്പുഴ | 27726 |
| 5 | കോട്ടയം | 23360 |
| 6 | ഇടുക്കി | 10003 |
| 7 | എറണാകുളം | 32086 |
| 8 | തൃശ്ശൂർ | 29363 |
| 9 | പാലക്കാട് | 31303 |
| 10 | മലപ്പുറം | 11143 |
| 11 | കോഴിക്കോട് | 18472 |
| 12 | വയനാട് | 5719 |
| 13 | കണ്ണൂർ | 15418 |
| 14 | കാസർഗോഡ് | 8252 |
| | **ആകെ** | **316793** |

| | | | |
|---|---|---|---|
| (ബി) | ഉടമസ്ഥരില്ലാത്ത ഉയർന്ന ഇനം ബ്രീഡുകളിൽപ്പെട്ട നായകളും തെരുവുകളിൽ കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര തെരുവുനായകൾ ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2019 ലെ ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം സംസ്ഥാനത്ത് 2,89,986 തെരുവുനായ്ക്കൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ഉയർന്ന ഇനം ബ്രീഡുകളിൽപെട്ട നായകളെ വളർത്തി പരമാവധി ഉപയോഗപ്പെടുത്തിയ ശേഷം തെരുവിലേക്ക് വലിച്ചെറിയുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ വളർത്തു നായകളെ അവയുടെ വാർദ്ധക്യത്തിലും അനാരോഗ്യത്തിലും തെരുവുകളിൽ ഉപേക്ഷിക്കുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വളർത്ത് നായ്ക്കൾക്ക് നിർബന്ധിത ലൈസൻസ്, വാക്സിനേഷൻ തുടങ്ങിയവ നൽകി വരുന്നു. വളർത്തു നായകളെ അവയുടെ വാർദ്ധക്യത്തിലും അനാരോഗ്യത്തിലും തെരുവുകളിൽ ഉപേക്ഷിക്കുന്നത് തടയുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വളർത്തുന്ന നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതോടൊപ്പം ചിപ്പ് ഘടിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്ത് തെരുവുനായകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് തടയുന്നതിനായി എന്തൊക്കെ പുതിയ മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | തെരുവുനായകളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രധാനമായും അവലംബിച്ചു പോരുന്ന പദ്ധതിയാണ് എ.ബി.സി പദ്ധതി. മൃഗസംരക്ഷണ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം തീവ്ര വാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാമ്പയിൻ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തി വരുന്നു. കൂടാതെ അനിമൽ ബർത്ത് കൺട്രോൾ റൂൾസ്, 2023 പ്രകാരമുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.<br><br>നിലവിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 15 എ.ബി.സി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ കൂടുതൽ എ.ബി.സി സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിച്ചും വരുന്നു. 5 എ.ബി.സി സെന്ററുകൾ തുടങ്ങുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ എ.ബി.സി സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്ട്രീറ്റ് ഡോഗ് വാച്ച് എന്ന മൃഗക്ഷേമ സംഘടനയ്ക്ക് മാത്രമാണ് കേരളത്തിൽ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ അനുമതി എ.ബി. സി പദ്ധതിക്കായി ലഭിച്ചിട്ടുള്ളത്. കൂടുതൽ എ.ബി.സി സെന്ററുകൾ കണ്ടെത്തുന്നതിന് പൊതുജനങ്ങളുടെ എതിർപ്പ് ഉണ്ടാകുന്ന സാഹചര്യത്തിൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സബ്സിഡിയറി കമ്പനിയായ ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ട് |

| | | | | |
|---|---|---|---|---|
| | | | | ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി പോർട്ടബിൾ എ.ബി.സി സെന്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 25,00,000/- (25 ലക്ഷം) രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട് എന്ന് ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ് വാക്കാൽ അറിയിച്ചിട്ടുണ്ട്. ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ്, പോർട്ടബിൾ എ.ബി.സി യൂണിറ്റ് മൃഗസംരക്ഷണ വകുപ്പിന് കൈമാറി നൽകുകയും ആയത് ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഫണ്ട് വകയിരുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പോർട്ടബിൾ എ.ബി.സി യൂണിറ്റ് സ്ഥാപിച്ച് തെരുവുനായ്ക്കളുടെ എ.ബി.സി സർജറികൾ ചെയ്യാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ